"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഗതാഗത വകുപ്പ് - ജലഗതാഗതം - കാറപകടത്തെ തുടർന്ന് ഗുരുതരമായ പരിക്ക് പറ്റി 100 % അംഗവൈകല്യം സംഭവിച്ച ബോട്ട് മാസ്റ്റർ ശ്രീ.സലിംകുമാർ.കെ-യ്ക്ക് ബോട്ട് മാസ്റ്ററുടെ ഒരു സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും അനുവദിക്കാൻ അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഗതാഗത (ഡി) വകുപ്പ്**

സ.ഉ.(കൈ) നം.46/2022/TRANS   തീയതി,തിരുവനന്തപുരം, 25-09-2022

---

പരാമർശം:- സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടറുടെ 11/05/2022-ലെ ഇ1-7565/22 നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാന ജലഗതാഗത വകുപ്പിൽ ബോട്ട് മാസ്റ്റർ തസ്തികയിൽ 13/05/2010 തീയതിയിൽ ജോലിയിൽ പ്രവേശിച്ച് വകുപ്പിന്റെ നെടുമുടി സ്റ്റേഷനിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.സലിംകുമാർ.കെ (പെൻ-496172) 2020 ഒക്ടോബർ മാസം 13-ാം തീയതി നെടുമുടി സ്റ്റേഷനിലേയ്ക്ക് ജോലിക്കായി വരുമ്പോൾ കാറപകടത്തിൽ ടിയാന്റെ തലച്ചോറിനും ആന്തരികാവയവങ്ങൾക്കും ഗുരുതരമായ പരിക്ക് പറ്റുകയും തുടർന്ന് ടിയാന്റെ ഇടത് കാൽ അരയ്ക്ക് താഴെ മുറിച്ച് കളയുകയും കൈകളിലെ വിരലുകൾ അറ്റുപോകുകയും ചെയ്തിട്ടുള്ളതാണെന്നും ടിയാന്റെ ഭാര്യയും 20 ഉം, 18 ഉം വയസ്സ് പ്രായമുള്ള 2 പെൺമക്കളും അടങ്ങുന്ന കുടുംബം വളരെ ദയനീയമായ അവസ്ഥയിലാണെന്നും ടിയാന് ഓർമ്മയോ ചലനശേഷിയോ ഇല്ലാത്ത അവസ്ഥയിൽ തുടരുകയാണെന്നും ചികിത്സാവശ്യത്തിന് ടിയാന്റെ വീടും സ്ഥലവും വിൽക്കുകയും കുടുംബം വാടകവീട്ടിൽ കഴിയുകയാണെന്നും ടി അവസ്ഥയിൽ ടിയാന് തുടർന്ന് ജോലി ചെയ്യാൻ സാധിക്കാത്ത കാരണത്താൽ ടിയാന്റെ മകൾ കുമാരി.സ്വാതി.എസ്.കുമാറിന് ആശ്രിത നിയമന വ്യവസ്ഥയിൽ ജോലിയും ടിയാന്റെ മറ്റ് ആനുകൂല്യങ്ങളും നൽകി സഹായിക്കണമെന്ന് ടിയാന്റെ ഭാര്യ ശ്രീമതി.ഭാഗ്യശ്രീ കെ.ജി സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടർക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. ടിയാന്റേയും കുടുംബത്തിന്റേയും ദയനീയമായ അവസ്ഥ പരിഗണിച്ച് ടിയാന്റെ മകൾക്ക് ആശ്രിത നിയമന വ്യവസ്ഥയിൽ കാലതാമസം കൂടാതെ ജോലി ലഭിക്കുന്നതിനും അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടർ പരാമർശ കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാറപകടത്തെ തുടർന്ന് ഗുരുതരമായ പരിക്ക് പറ്റി 100 % അംഗവൈകല്യം സംഭവിക്കുകയും ആരോഗ്യനിലയിൽ പുരോഗതിയുണ്ടാകാനുള്ള സാധ്യതയില്ലെന്ന് മെഡിക്കൽ ബോർഡ് സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുള്ള സംസ്ഥാന ജലഗതാഗത വകുപ്പിലെ ബോട്ട് മാസ്റ്റർ ശ്രീ.സലിംകുമാർ.കെ-യ്ക്ക് ബോട്ട് മാസ്റ്ററുടെ ഒരു സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ചുകൊണ്ടും പ്രസ്തുത തസ്തികയിലെ ശമ്പളവും മറ്റ്

ആനുകൂല്യങ്ങളും ശ്രീ.സലിംകുമാറിന് അനുവദിക്കാൻ സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകിക്കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിജു പ്രഭാകർ

സെക്രട്ടറി

പകർപ്പ്:-

1) ഡയറക്ടർ, സംസ്ഥാന ജലഗതാഗത വകുപ്പ്, ആലപ്പുഴ
2) ശ്രീ.സലിംകുമാർ.കെ (ഡയറക്ടർ, സംസ്ഥാന ജലഗതാഗത വകുപ്പ് മുഖേന)
3) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ,(ആഡിറ്റ് /എ&ഇ) കേരള, തിരുവനന്തപുരം
4) പൊതുഭരണ(എസ്.സി) വകുപ്പ് (.........ലെ ഇനം .............പ്രകാരം)
5) ധനകാര്യ വകുപ്പ്
6) ഉദ്യോഗസ്ഥ ഭരണപരിഷ്കാര(റൂൾസ്) വകുപ്പ്
   (RULES-3/98/2022-PandARD dtd.04/07/2022)
7) ഐ & പി.ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
8) കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Deepthi K Gopal**
**Date: 26-09-2022 15:29:56**

സെക്ഷൻ ഓഫീസർ

__രഹസ്യം__

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 22-09-2022

ഫയൽ നം. TRANS-D1/65/2022/TRANS. ഇനം നം: 1054

വിഷയം : ഗതാഗത വകുപ്പ് - കാറപകടത്തെ തുടർന്ന് ഗുരുതരമായ പരിക്ക് പറ്റി 100% അംഗവൈകല്യം സംഭവിച്ച സംസ്ഥാന ജലഗതാഗത വകുപ്പിലെ ബോട്ട് മാസ്റ്റർ ശ്രീ. സലീംകുമാർ. കെ-യുടെ ആശ്രിതയ്ക്ക് ചട്ടത്തിൽ ഇളവുവരുത്തി ആശ്രിതനിയമനം നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം പരിഗണിച്ചു. കാറപകടത്തെ തുടർന്ന് ഗുരുതരമായ പരിക്ക് പറ്റി 100% അംഗവൈകല്യം സംഭവിക്കുകയും ആരോഗ്യനിലയിൽ പുരോഗതി ഉണ്ടാകാനുള്ള സാധ്യതയില്ലെന്ന് മെഡിക്കൽ ബോർഡ് സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുള്ള സംസ്ഥാന ജലഗതാഗത വകുപ്പിലെ ബോട്ട് മാസ്റ്റർ ശ്രീ. സലീംകുമാർ. കെ-യ്ക്ക് ഒരു സൂഷർ ന്യൂമററി തസ്തിക സൃഷ്ടിച്ച് ശമ്പളവും ആനുകൂല്യങ്ങളും അനുവദിക്കുവാൻ തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

സെക്രട്ടറി, ഗതാഗത വകുപ്പ്.

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭായോഗത്തിനായുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | TRANS-D1/65/2022 .-TRANS |
| 2 | വകുപ്പ് | : | ഗതാഗത (ഡി) വകുപ്പ് |
| 3 | വിഷയം | : | കാറപകടത്തെ തുടർന്ന് ഗുരുതരമായ പരിക്ക് പറ്റി 100 % അംഗവൈകല്യം സംഭവിച്ച സംസ്ഥാന ജലഗതാഗത വകുപ്പിലെ ബോട്ട് മാസ്റ്റർ ശ്രീ.സലിംകുമാർ.കെ-യുടെ ആശ്രിതയ്ക്ക് ചട്ടത്തിൽ ഇളവുവരുത്തി ആശ്രിത നിയമനം നല്കുന്നത് -സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി. | : | 20-08-2022 |
| 5 | (i). ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii).ആണെങ്കിൽ ധനവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ;<br>ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | അതെ<br><br>ഇല്ല |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ;<br>ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്.<br><br>ഉണ്ട് |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി. വിജയശ്രീ.കെ.എസ് |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ. ബിജു പ്രഭാകർ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വി.പി.ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 05/09/2022 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | അഡ്വ. ആന്റണി രാജു |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 14/09/2022 |
| 15 | മന്ത്രിസഭായോഗം തീരുമാനം എടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും | : | |

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കാറപകടത്തെ തുടർന്ന് ഗുരുതരമായ പരിക്ക് പറ്റി 100% അംഗവൈകല്യം സംഭവിക്കുകയും ആരോഗ്യനിലയിൽ പുരോഗതിയുണ്ടാകാൻ സാധ്യതയില്ലെന്ന് മെഡിക്കൽ ബോർഡ് സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുള്ള സംസ്ഥാന ജലഗതാഗത വകുപ്പിലെ ബോട്ട് മാസ്റ്റർ ശ്രീ.സലിംകുമാർ.കെ-യുടെ ആശ്രിതയ്ക്ക് കുടുംബത്തിന്റെ സാമ്പത്തിക സ്ഥിതിയും ദയനീയ അവസ്ഥയും കണക്കിലെടുത്ത്, പ്രത്യേക കേസായി പരിഗണിച്ച്, ചട്ടങ്ങളിൽ ഇളവുവരുത്തി ആശ്രിത നിയമനം നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) സംസ്ഥാന ജലഗതാഗത വകുപ്പിൽ ബോട്ട് മാസ്റ്റർ തസ്തികയിൽ 13/05/2010 തീയതിയിൽ ജോലിയിൽ പ്രവേശിച്ച് വകുപ്പിന്റെ നെടുമുടി സ്റ്റേഷനിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.സലിംകുമാർ.കെ (പെൻ-496172) 2020 ഒക്ടോബർ മാസം 13-ാം തീയതി നെടുമുടി സ്റ്റേഷനിലേയ്ക്ക് ജോലിക്കായി വരുമ്പോൾ കാർ അപകടം ഉണ്ടാവുകയും ടിയാന്റെ തലച്ചോറിനും ആന്തരികാവയവങ്ങൾക്കും ഗുരുതരമായ പരിക്ക് പറ്റുകയും തുടർന്ന് ടിയാന്റെ ഇടത് കാൽ അരയ്ക്ക് താഴെ മുറിച്ച് കളയുകയും കൈകളിലെ വിരലുകൾ അറ്റുപോകുകയും ചെയ്തിട്ടുള്ളതാണെന്നും ടിയാന്റെ ഭാര്യയും 20 ഉം, 18 ഉം വയസ്സ് പ്രായമുള്ള 2 പെൺമക്കളും അടങ്ങുന്ന കുടുംബം വളരെ ദയനീയമായ അവസ്ഥയിലാണെന്നും ടിയാന് ഓർമ്മയോ ചലനശേഷിയോ ഇല്ലാത്ത അവസ്ഥയിൽ തുടരുകയാണെന്നും ചികിത്സാവശ്യത്തിന് ടിയാന്റെ വീടും സ്ഥലവും വിൽക്കുകയും കുടുംബം വാടകവീട്ടിൽ കഴിയുകയാണെന്നും ടി അവസ്ഥയിൽ ടിയാന് തുടർന്ന് ജോലി ചെയ്യാൻ സാധിക്കാത്ത കാരണത്താൽ ടിയാന്റെ മകൾ കുമാരി.സ്വാതി.എസ്.കുമാറിന് ആശ്രിത നിയമന വ്യവസ്ഥയിൽ ജോലിയും ടിയാന്റെ മറ്റ് ആനുകൂല്യങ്ങളും നൽകി സഹായിക്കണമെന്ന് ടിയാന്റെ ഭാര്യ ശ്രീമതി.ഭാഗ്യശ്രീ കെ.ജി സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടർക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. ടിയാന്റേയും കുടുംബത്തിന്റേയും ദയനീയമായ അവസ്ഥയിൽ നിന്നും കരകയറുന്നതിനായി ടിയാന്റെ മകൾക്ക് ആശ്രിത നിയമന വ്യവസ്ഥയിൽ കാലതാമസം കൂടാതെ ജോലി ലഭിക്കുന്നതിനും അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന്

സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്. അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് പ്രകാരം ഡിസെബിലിറ്റി 100% ആണ്.

3) ശ്രീ.സലിംകുമാർ.കെ-ക്ക് വാഹനാപകടം മൂലം 100 ശതമാനം അംഗവൈകല്യം ഉണ്ടെന്നും ആരോഗ്യനിലയിൽ പുരോഗതി ഉണ്ടാകാനുള്ള സാധ്യതയില്ലെന്നും മെഡിക്കൽ ബോർഡ് സാക്ഷ്യപ്പെടുത്തിയിട്ടുള്ളതിനാലും ടിയാന്റെ കുടുംബത്തിന്റെ സാമ്പത്തിക ബുദ്ധിമുട്ടും ദയനീയ അവസ്ഥയും പരിഗണിച്ച് മകൾക്ക് ആശ്രിത നിയമന വ്യവസ്ഥയിൽ സർക്കാർ സർവ്വീസിൽ ജോലിയും മറ്റ് സർവ്വീസ് ആനുകൂല്യങ്ങളും നൽകുന്നത് സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞതിൽ ചുവടെ ചേർത്തിരിക്കുന്ന അഭിപ്രായം ലഭ്യമാക്കുകയുണ്ടായി.

"24.5.1999-ലെ സ.ഉ.(കൈ) 12/99/ഉ.ഭ.പ.വ ഉത്തരവ് പ്രകാരം സർക്കാർ ഉദ്യോഗസ്ഥൻ സർവ്വീസിലിരുന്നു മരണമടഞ്ഞാൽ ടിയാളുടെ കുടുംബത്തിന് ഒരു കൈത്താങ്ങ്എന്ന നിലയിലാണ് സമാശ്വാസ തൊഴിൽ ദാന പദ്ധതി നടത്തി പോരുന്നത്. ശ്രീ.സലിംകുമാർ.കെ ഗുരുതരമായി പരിക്ക് പറ്റി ചികിത്സയിലായതിനാൽ ടിയാളുടെ മകൾക്ക് 24.5.1999-ലെ സ.ഉ.(കൈ) 12/99/ഉ.ഭ.പ.വ ഉത്തരവിലെ നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം ആശ്രിത നിയമനത്തിന് അർഹതയില്ല."

4) ശ്രീ.സലിംകുമാർ.കെ-യുടെ കുടുംബത്തിന്റെ സാമ്പത്തിക ബുദ്ധിമുട്ടും ദയനീയ അവസ്ഥയും കണക്കിലെടുത്ത് ഒരു പ്രത്യേക കേസായി പരിഗണിച്ച് ടിയാന്റെ മകൾ കുമാരി.സ്വാതി.എസ്.കുമാറിന് ചട്ടങ്ങളിൽ ഇളവുവരുത്തി ആശ്രിത നിയമനം നൽകുന്നതു സംബന്ധിച്ച ഉത്തരവിനായി ഫയൽ ബഹു.ഗതാഗത വകുപ്പ് മന്ത്രി വഴി ബഹു.മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്തപ്പോൾ പ്രസ്തുത വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട സംഗതി

കാറപകടത്തെ തുടർന്ന് ഗുരുതരമായ പരിക്ക് പറ്റി 100 % അംഗവൈകല്യം സംഭവിക്കുകയും ആരോഗ്യനിലയിൽ പുരോഗതിയുണ്ടാകാനുള്ള സാധ്യതയില്ലെന്ന് മെഡിക്കൽ ബോർഡ് സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുള്ള സംസ്ഥാന ജലഗതാഗത വകുപ്പിലെ ബോട്ട് മാസ്റ്റർ ശ്രീ.സലിംകുമാർ.കെ-യുടെ ആശ്രിതയ്ക്ക് കുടുംബത്തിന്റെ സാമ്പത്തിക സ്ഥിതിയും ദയനീയ അവസ്ഥയും കണക്കിലെടുത്ത്, പ്രത്യേക കേസായി പരിഗണിച്ച്, 24.5.1999-ലെ സ.ഉ.(കൈ) 12/99/ഉ.ഭ.പ.വ ഉത്തരവ് പ്രകാരമുള്ള ചട്ടത്തിൽ ഇളവുവരുത്തി ആശ്രിത നിയമനം നൽകുന്നതിന് സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകാമോ?